**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 686** **09-08-2023 - ൽ മറുപടിയ്ക്ക്**

**പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ സി.ഐ.എൻ.ഡി. (റ്റി1) സഹകരണ സംഘത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം നിർവഹിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.ഐ.എൻ.ഡി.(റ്റി1), മാരായമുട്ടം (പി.ഒ) എന്ന സംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കു ന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല. |
| (ബി) | ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത സംഘത്തിന് ഉള്ളതെന്നും നിലവിൽ ഇതിന്റെ ഉടമസ്ഥത ആർക്കാണെന്നും വ്യക്തമാക്കുമോ; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോയെന്നും എത്ര രൂപയാണ് ബാധ്യതയെന്നും ബാധ്യതകളുടെ വിശദാംശം ഉൾപ്പെടെ ലഭ്യമാക്കാമോ; | (ബി) | സംഘത്തിന് 9 (ഒമ്പതു) ആർ സ്ഥലം ഉണ്ട്. വസ്തുവിന്റെ ഉടമ സംഘം ആണ്. കേരള സഹകരണ നിയമപ്രകാരം ഈ സംഘത്തിന്റെ രജിസ്ട്രാർ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയാണ്. സ്ഥലം ജാമ്യമായി നൽകി വായ്പയെടുത്ത വകയിൽ സംഘത്തിന് ഖാദി ബോർഡിൽ ബാധ്യതയുണ്ട്. 31-07-2023 പ്രകാരമുള്ള ബാധ്യത കണക്ക് താഴെപ്പറയുന്നു.<br><br>മുതൽ 1,63,384<br>പലിശ 3,51,970<br>പിഴപ്പലിശ 5,11,365<br>സ്റ്റേഷനറി ചാർജ്ജ് 1,000<br>സർവ്വീസ് ചാർജ്ജ് @7.50% 77,079<br>ആകെ ബാധ്യത 11,04,798 |
| (സി) | ഈ സംഘത്തിന്റെ പേരിലുള്ള ബാധ്യതകൾ പെരുങ്കടവിള ഗ്രാമപഞ്ചായത്ത് തീർപ്പാക്കിയാൽ സംഘത്തിന്റെ പേരിൽ റീസർവ്വെ 645/2-ൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന് നടപടി സ്വീകരിക്കാമോ; ഇതിലേയ്ക്കായി എന്തെങ്കിലും നിയമ തടസ്സങ്ങളുണ്ടോയെന്നും വിശദമാക്കുമോ; | (സി) | ആസ്തി കൈമാറ്റം നടത്തുന്നതിന് സഹകരണ ചട്ടം 13 അനുസരിച്ച് പതിനഞ്ച് ദിവസത്തെ നോട്ടീസ് നൽകി വിളിച്ചുചേർക്കുന്ന പൊതുയോഗത്തിൽ ഹാജരായി വോട്ടുചെയ്യപ്പെട്ട ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭാഗം പേരുടെ പിന്തുണയോടെ പാസ്സാക്കിയ ആസ്തി കൈമാറ്റം സംബന്ധിച്ച ഒരു തീരുമാനം എടുക്കേണ്ടതാണ്.<br><br>സംഘത്തിന്റെ സ്ഥലം ബാധ്യതകൾ ഒന്നുമില്ലാതെ ആഭ്യന്തര വകുപ്പിന് കൈമാറുന്നതിന് നടപടിയെടുക്കാൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | ഖാദീ ബോർഡിൽ നിന്നും ബാധ്യത തീർക്കുന്നതിന് പഞ്ചായത്തിന് കത്ത് നൽകിയിരുന്നു. എന്നാൽ വസ്തുകൈമാറ്റം നടത്തിയതിനുശേഷം തുക One Time Settlement ആയി അടയ്ക്കാമെന്നാണ് പഞ്ചായത്ത് അറിയി ച്ചിട്ടുള്ളത്. എന്നാൽ ബാധ്യത തീർപ്പാക്കിയാൽ മാത്രമേ, NOC നൽകുവാൻ രജിസ്ട്രാർക്ക് സാധിക്കുകയുള്ളൂ. |
| (ഡി) | ഈ ആവശ്യം ഉന്നയിച്ചു കൊണ്ട് പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ കമ്മിറ്റി തീരുമാനം ഉള്ളടക്കം ചെയ്ത് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തൊക്കെയാണെന്നും പ്രസ്തുത ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ഡി) | പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷനു നൽകാൻ 21-04-2016-ലെ ഖാദി ബോർഡ് യോഗം തീരുമാനിച്ചു. ബോർഡിനു കിട്ടാനുള്ള കുടിശ്ശിക അടച്ച് തുടർ നടപടി സ്വീകരിക്കാൻ പെരുങ്കടവിള ഗ്രാമ പഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശം പാലിച്ച് പെരുങ്കടവിള ഗ്രാമ പഞ്ചായത്തിന്റെ 09-06-2017-ലെ യോഗത്തിൽ 14(6) നമ്പർ തീരുമാനമായി, ഈ വസ്തു ഏറ്റെടുക്കാനും ഖാദി ബോർഡ് ആവശ്യപ്പെട്ടതു പ്രകാരം പഞ്ചായത്ത് ചെലവിൽ ടി സ്ഥലത്ത് ഒരു ഖാദി ഉൽപ്പാദന കേന്ദ്രം കൂടി നിർമ്മിച്ചു നൽകാനും തീരുമാനിച്ചതായി പഞ്ചായത്ത് അറിയിച്ചിരുന്നെങ്കിലും കുടിശ്ശിക അടയ്ക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 26.06.2023-ൽ ഭൂമിയുടെ ഉടമസ്ഥാവകാശം ലഭ്യമാക്കുന്ന മുറയ്ക്ക് One Time Settlement ആയി നടപടിക്രമങ്ങൾ പൂർത്തിയാക്കാമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഖാദി ബോർഡിന്റെ 5825/2015/സഹ. എന്ന ഫയലിലാണ് ഈ വിഷയം കൈകാര്യം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ